LIBRARY ARCHIVES Kerala Legislative Assembly

അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിക്കുന്ന കേസ്സുകൾ

215 (3037) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിക്കുന്ന വിവരശേഖരണത്തിന് ഫലപ്രദമായ നടപടിയില്ലാത്തതിനാൽ നിരവധി ക്രിമിനൽ കേസ്സുകളും മറ്റുമായി ബന്ധപ്പെട്ട് അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച് അന്വേഷണങ്ങൾ പൂർത്തീകരിക്കുന്നതിന് സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു പരിഹരിക്കുന്നതിനാവശ്യമായ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കഴിഞ്ഞ നാലുവർഷം അന്യസംസ്ഥാനത്തൊഴിലാളികളുമായി ബന്ധപ്പെട്ടുള്ള ക്രിമിനൽ കേസ്സുകളുടെ എണ്ണം ജില്ലതിരിച്ച്, വർഷാടിസ്ഥാനത്തിൽ അറിയിക്കുമോ ?

ഉത്തരം

(എ) ഇത്തരമൊരു സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ ഫോട്ടോയും തിരിച്ചറിയൽ രേഖയുടെ പകർപ്പും അവരുടെ സ്പോൺസർമാർ മുഖേന ശേഖരിച്ച് പോലീസ് സ്റ്റേഷനിൽ തയ്യാറാക്കി രജിസ്റ്ററിൽ സൂക്ഷിച്ചുവരുന്നു.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

റോഡപകടങ്ങളും മരണങ്ങളും

216 (3038) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡപകടങ്ങളും തുടർന്നുള്ള മരണങ്ങളും കുറഞ്ഞിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെകാലത്ത് റോഡപകടങ്ങളെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(സി) റോഡപകടങ്ങൾ കുറയ്ക്കാൻ മറ്റ് ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) റോഡപകടങ്ങളിൽ നേരിയ തോതിൽ വർദ്ധനവും തുടർന്നുള്ള മരണ നിരക്ക് താരതമ്യേന കുറഞ്ഞും വരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	റോഡപകടങ്ങൾ	മരണം
2012	36,174	4,286
2013	35,215	4,258
2014	36,282	4,049

(ബി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പോലീസ് വകുപ്പും മോട്ടോർ വാഹനവകുപ്പും സംയുക്തമായി പരിശോധനകൾ നടത്തിവരുന്നു. ഗുരുതര സ്വഭാവമുള്ള അപകടങ്ങളുടെ കണക്കുകൾ ശേഖരിക്കുകയും ആയതിന്റെ കാരണങ്ങളെപ്പറ്റി വിശദമായി അന്വേഷണം നടത്തിയും മൂന്നിലധികം വാഹനാപകട മരണങ്ങൾ സംഭവിക്കുന്ന സ്ഥലങ്ങൾ ബ്ലാക്ക് സ്പോട്ട് ആയി അടയാളപ്പെടുത്തി ബന്ധപ്പെട്ട സബ് ഡിവിഷണൽ പോലീസ് ഓഫീസർ, ജോയിന്റ് ആർ.റ്റി.ഒ., പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ പരിശോധന നടത്തി ഈ സ്ഥലങ്ങളിൽ വാഹനാപകടം ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ചും വിദ്യാഭ്യാസവകുപ്പും മോട്ടോർ വാഹനവകുപ്പുമായി സഹകരിച്ച് ഡ്രൈവർമാർക്കും പ്രത്യേകിച്ച് സ്കൂൾ ബസ് ഓടിക്കുന്ന ഡ്രൈവർമാർക്കും കോളേജുകൾ, സ്കൂളുകൾ കേന്ദ്രീകരിച്ച് എസ്.പി.സി, എസ്.പി.ജി. കേഡറ്റുകൾ രൂപീകരിച്ച് കുട്ടികൾക്കും അദ്ധ്യാപകർക്കും വേണ്ടിയും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly